**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2839** **10-03-2025 - ൽ മറുപടിയ്ക്ക്**

**സ്വാഭാവിക വനങ്ങളുടെ സർവ്വേ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.ഐ.മധുസൂദനൻ,<br>ശ്രീ. എ. പ്രഭാകരൻ,<br>ശ്രീ ഡി കെ മുരളി,<br>ശ്രീ. എ. രാജ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ വന്നതിനുശേഷം സംസ്ഥാനത്തെ സ്വാഭാവിക വനങ്ങളുടെ പരിപാലനത്തിനും സംരക്ഷണത്തിനും സർവ്വേ നടത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | നിലവിൽ വനങ്ങളുടെ (സ്വാഭാവിക വനങ്ങളുടെ ഉൾപ്പെടെ) പരിപാലനവും, സംരക്ഷണവും ഡിവിഷൻതലത്തിൽ ക്രമീകരിച്ച് കർമ്മ പദ്ധതികൾ (working plans) തയ്യാറാക്കി, സംസ്ഥാന സർക്കാർ മുഖേന കേന്ദ്ര സർക്കാരിൽ സമർപ്പിച്ച് അംഗീകാരം ലഭ്യമാക്കി പ്രവൃത്തികൾ നടത്തിവരുന്ന രീതിയാണ് വനംസംരക്ഷണ നിയമപ്രകാരം വിവക്ഷിക്കുന്നത്. 10 വർഷക്കാലയളവിലേക്കായി ചിട്ടപ്പെടുത്തുന്ന വർക്കിംഗ് പ്ലാനുകൾ തയ്യാറാക്കുന്നതിന്റെ ഭാഗമായി തോട്ടങ്ങൾ, സ്വാഭാവിക വനങ്ങൾ എന്നിവ സംബന്ധിച്ച് വിവരശേഖരണം നടത്തുകയും അവയുടെ പരിപാലനവും, സംരക്ഷണവും ലക്ഷ്യമാക്കി നിർദ്ദേശങ്ങൾ ഉൾപ്പെടുത്തുകയും ചെയ്യുന്നു.<br><br>ഈ സർക്കാർ കാലയളവിൽ, ഇതുമായി ബന്ധപ്പെട്ട് 8 ഡിവിഷനുകളുടെ (ചാലക്കുടി, പാലക്കാട്, തിരുവനന്തപുരം, തെന്മല, അച്ചൻകോവിൽ, മറയൂർ, കോഴിക്കോട്, പുനലൂർ) വർക്കിംഗ് പ്ലാനുകൾ പ്രസ്തുത വിവര ശേഖരണങ്ങളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കപ്പെടുകയും, ആയതിനു കേന്ദ്ര സർക്കാർ അംഗീകാരം ലഭിക്കുകയും ചെയ്തിട്ടുള്ളതാണ്. നിലവിൽ 16 ഡിവിഷനുകളുടെ വർക്കിംഗ് പ്ലാനുകൾ അംഗീകരിക്കപ്പെട്ടിട്ടുള്ളതാണ്.<br><br>കൂടാതെ സംസ്ഥാനത്തെ സ്വാഭാവിക വനങ്ങളുടെ പുന:സ്ഥാപനത്തിനും പരിപാലനത്തിനും ഉതകുന്ന തരത്തിൽ 17.12.21-ൽ സർക്കാർ ഉത്തരവ് (കൈ) നമ്പർ 29/2021/വനം പ്രകാരം ഒരു നയരേഖ അംഗീകരിക്കുകയുണ്ടായി. ആയതിന്റെ ഭാഗമായി വിവിധ സർക്കിളുകളിലായി 5585.57 ഹെക്ടർ സ്ഥലത്ത്, ആവാസ വ്യവസ്ഥക്ക് ദോഷകരമായതും, കാലിക പ്രാധാന്യം നഷ്ടപ്പെട്ടതുമായ അക്കേഷ്യ, |

| | | | |
|---|---|---|---|
| | | | യൂക്കാലിപ്റ്റസ്, വാറ്റിൽ, സെന്ന തുടങ്ങിയ അധിനിവേശ സസ്യങ്ങളും, വിദേശ ഏകവിള തോട്ടങ്ങളും ഘട്ടം ഘട്ടമായി നീക്കം ചെയ്ത് അവയെ സ്വാഭാവിക വനങ്ങളായി പുന:സ്ഥാപിച്ച് വരുകയാണ്. ഇതിനു പുറമേ, മറ്റു പ്രദേശങ്ങളിലെ മേൽ സൂചിപ്പിക്കപ്പെട്ട ഇനങ്ങളിലെ ഏകവിളതോട്ടങ്ങൾ, വളർച്ച മുരടിച്ച തേക്ക് തോട്ടങ്ങൾ മുതലായവയും സ്വാഭാവികവനം പുന:സ്ഥാപിക്കുന്നതിനായി പരിചരണത്തിനും, പരിപാലനത്തിനുമായി കണ്ടെത്തിയിട്ടുള്ളതാണ്. |
| (ബി) | പ്രസ്തുത സർവ്വേയിൽ എന്തൊക്കെ കാര്യങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് അറിയിക്കുമോ; | (ബി) | പ്രസ്തുത കർമ്മപദ്ധതികളുമായി ബന്ധപ്പെട്ട വിവരശേഖരണത്തിൽ വർക്കിംഗ് സർക്കിൾ അടിസ്ഥാനത്തിൽ ചുവടെ പറയുന്ന കാര്യങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.<br><br>1) വനസംരക്ഷണവും, പരിപാലനവും ലക്ഷ്യമാക്കിയുള്ള പ്രവർത്തനങ്ങൾ<br><br>2) കാട്ടുതീ പ്രതിരോധത്തിന് അവലംബിക്കേണ്ട മാർഗ്ഗങ്ങൾ<br><br>3) വനമേഖലയിലെ തോട്ടങ്ങൾ മികവുറ്റ രീതിയിൽ കൈകാര്യം ചെയ്യുന്നതിനുള്ള നിർദ്ദേശങ്ങൾ<br><br>4) സ്വാഭാവിക വനങ്ങളുടെ സുസ്ഥിരതക്ക് ആവശ്യമായ പ്രവർത്തനമാർഗ്ഗങ്ങൾ<br><br>5) വന്യജീവികൾക്ക് ആഹാര, ജല ലഭ്യത കാട്ടിനുള്ളിൽ ഉറപ്പിക്കുന്നതിനായുള്ള പ്രവർത്തനങ്ങൾ<br><br>6) മനുഷ്യ വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന് ആവശ്യമായ നടപടികൾ<br><br>7) ജൈവവൈവിധ്യ സംരക്ഷണം ഉറപ്പാക്കുന്നതിനുള്ള മാർഗ്ഗങ്ങൾ<br><br>8) തടിയേതര വിഭവങ്ങളുടെ സുസ്ഥിര പരിപാലനം<br><br>9) വനാശ്രിത സമൂഹത്തെ ലക്ഷ്യമാക്കിയുള്ള പ്രവർത്തനങ്ങൾ |
| (സി) | വനസംരക്ഷണത്തിനും പ്രത്യേക ആവാസ വ്യവസ്ഥയുടെ സംരക്ഷണത്തിനും കഞ്ചാവ് കൃഷി തടയുന്നതിനും ചന്ദന പ്രദേശങ്ങൾ സംരക്ഷിക്കുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ? | (സി) | സംരക്ഷണ വിഭാഗം ജീവനക്കാരുടെ ഫീൽഡ് പരിശോധന, സമയോചിതമായ സാന്നിദ്ധ്യം, നൂതന സാങ്കേതിക വിദ്യകളുടെ ഉപയോഗം, കാട്ടുതീ പ്രതിരോധം, മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനായുള്ള പ്രവൃത്തികൾ, ആദിവാസി ഊരുകളിലെ അവസരോചിതമായ ഇടപെടലുകൾ, പങ്കാളിത്ത വനപരിപാലന കൂട്ടായ്മ, സ്വാഭാവിക |

| | | | |
|---|---|---|---|
| | | | വനപുന:സ്ഥാപനം ലക്ഷ്യമാക്കിയുള്ള പ്രവർത്തനം മുതലായവയിലൂടെ വനങ്ങളുടേയും, അവയിലെ ആവാസ വ്യവസ്ഥയുടേയും സംരക്ഷണവും, പരിപാലനവും സാദ്ധ്യമാക്കുന്നു.<br><br>കൃത്യമായ റെയ്ഡുകൾ, നിരീക്ഷണങ്ങൾ എന്നീ നടപടികൾ സ്വീകരിക്കുന്നതിലൂടെ ഇടുക്കി, അട്ടപ്പാടി മേഖലകൾ ഉൾപ്പെടെയുള്ള വനപ്രദേശങ്ങളിലെ കഞ്ചാവ് കൃഷി ഫലപ്രദമായി തടയുന്നു.<br><br>മറയൂർ ഉൾപ്പെടെയുള്ള ചന്ദന പ്രദേശങ്ങളെ സംരക്ഷിത ബ്ലോക്കുകളാക്കി തിരിച്ചും, രാത്രികാലങ്ങളിലുൾപ്പെടെ കൃത്യമായ പട്രോളിംഗ് പ്രവർത്തനങ്ങൾ ഉറപ്പ് വരുത്തിയും, വയർലസ്സ്, GIS സംവിധാനങ്ങൾ ശക്തിപ്പെടുത്തിയും പ്രസ്തുത മേഖലകളെ സംരക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ